**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 323 12/12/2018-ൽ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിൽ സമഗ്ര സ്ട്രോക്ക് സെന്ററുകൾ**

| **ചോദ്യം.** | **ഉത്തരം** |
| --- | --- |
| ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ഡോ.എം. കെ. മുനീർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) പക്ഷാഘാതം ബാധിച്ചവർക്ക് അടിയന്തര ചികിത്സാ സൗകര്യമൊരുക്കുന്ന സമഗ്ര സ്ട്രോക്ക് സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br><br>(ബി) ഇതിനായി ഏതെല്ലാം മെഡിക്കൽ കോളേജുകൾക്കാണ് തുക അനുവദിച്ചിരിക്കുന്നത്; | (എ) & (ബി) പക്ഷാഘാതം ബാധിച്ചവർക്ക് അടിയന്തര ചികിത്സാ സൗകര്യമൊരുക്കുന്ന സമഗ്ര സ്ട്രോക്ക് സെന്ററുകൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഈ ആവശ്യത്തിനായി വേർതിരിച്ചിരിക്കുന്ന സ്ഥലം നവീകരിക്കുന്നതിനായി 2,00,00,000 (രണ്ട് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ സമഗ്ര സ്ട്രോക്ക് സെന്റർ അനുവദിക്കുന്നതിന്റെ ഭാഗമായി ന്യൂറോ മെഡിസിൻ വിഭാഗത്തിനോട് ചേർന്ന് 14 ബെഡുള്ള സ്ട്രോക് ഐ.സി.യു കഴിഞ്ഞ ഒരു വർഷമായി പ്രവർത്തിച്ച് വരുന്നുണ്ട്. ഇതിനായി 5 കോടി (അഞ്ച് കോടി രൂപ മാത്രം) പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ആരംഭിച്ചിട്ടുമുണ്ട്. |
| (സി) മഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും ഇത്തരം സെന്ററുകൾ ഉടൻ | (സി) മഞ്ചേരി മെഡിക്കൽ കോളേജ് ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പക്ഷാഘാതം ബാധിച്ചവർക്കുള്ള |

ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

അടിയന്തര ചികിൽസ ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ